## പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.201 — 04.02.2013 ന് മറുപടിയ്ക്ക്.

## വന്യമൃഗ സങ്കേതങ്ങൾക്ക് ചുറ്റുമുള്ള പരിസ്ഥിതി പ്രാധാന്യമേഖലകളുടെ നിർണ്ണയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ.പി.റ്റി.എ.റഹീം<br>ശ്രീ.കെ. കുഞ്ഞമ്മത് മാസ്റർ<br>ശ്രീ.എസ്. രാജേന്ദ്രൻ | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി) |
| (എ) വന്യമൃഗ സങ്കേതങ്ങൾക്ക് ചുറ്റും പരിസ്ഥിതി പ്രാധാന്യമേഖലകൾ നിർണ്ണയിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായോ; നിയോഗിക്കപ്പെട്ടവർ ആരൊക്കെ; വിശദാംശം നൽകുമോ; | (എ) ഉണ്ട്. ഈ വിഷയത്തിൽ കേന്ദ്ര സർക്കാർ ഇറക്കിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് താഴെ പറയുംപ്രകാരം പ്രാദേശിക തലത്തിൽ സംരക്ഷിത മേഖലകൾക്കായി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.<br>1. ബന്ധപ്പെട്ട വൈൽഡ്ലൈഫ് വാർഡൻ - കൺവീനർ<br>2. പ്രഗത്ഭനായ ഇക്കോളജിസ്റ്റ്<br>3. ബന്ധപ്പെട്ട ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ<br>4. ബന്ധപ്പെട്ട തഹസിൽദാർ<br>ഇതിന്റെ ഭാഗമായി 03.01.2013-ൽ സംസ്ഥാന വന്യജീവി ബോർഡ് പാരിസ്ഥിതിക സംവേദക മേഖലകൾ സംബന്ധിച്ച് പൊതുജനങ്ങളും ജനപ്രതിനിധികളുമായി പ്രാദേശികതലത്തിൽ ആശയ വിനിമയം നടത്തി റിപ്പോർട്ട് നൽകുവാൻ എം.എൽ.എ-മാരുടെ നേതൃത്വത്തിൽ മൂന്നു ഉപസമിതികൾ രൂപീകരിച്ചു. ഉപസമിതി അംഗങ്ങളുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഉദ്യോഗസ്ഥർക്ക് പുറമെ ഭരണകക്ഷിയിൽപ്പെട്ടവരെ മാത്രം ഉൾപ്പെടുത്തിക്കൊണ്ടാണോ കമ്മിറ്റി രൂപീകരിച്ചത്, വിശദമാക്കുമോ; | (ബി) സംസ്ഥാന വന്യജീവി ബോർഡ് അംഗങ്ങളേയും, ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തിക്കൊണ്ടാണ് ബോർഡ് ഉപസമിതികൾ രൂപീകരിച്ചിട്ടുള്ളത്. |

(സി) പ്രതിപക്ഷത്തുനിന്നുള്ള പ്രാതിനിധ്യം വേണ്ടെന്നുവെച്ചതിന്റെ ഉദ്ദേശ്യം വ്യക്തമാക്കാമോ;

(സി) ചോദ്യം (ബി)യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(ഡി) വനം-വന്യജീവി സംരക്ഷണപ്രശ്നത്തിൽ സർക്കാരിന്റേത് ഏകപക്ഷീയമായ നിലപാടാണെന്ന ആരോപണം ഉന്നയിച്ച് ജനങ്ങൾ പ്രതിഷേധിച്ചതായി അറിയാമോ; എങ്കിൽ നിലപാട് തിരുത്താൻ തയ്യാറാകുമോ?

(ഡി) ഏകപക്ഷീയമായ നിലപാട് കൈക്കൊണ്ടിട്ടില്ല. ജനപ്രതിനിധികളുമായി പ്രാദേശികതലത്തിൽ ആശയ വിനിമയം നടത്തി റിപ്പോർട്ട് നൽകുന്നതിനു വേണ്ടിയാണ് പ്രസ്തുത ഉപസമിതികൾ രൂപീകരിച്ചത്.

സെക്ഷൻ ഓഫീസർ.

## അനുബന്ധം

**വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട്.**

1. ശ്രീ.റ്റി.എൻ.പ്രതാപൻ എം.എൽ.എ - ചെയർമാൻ
2. ശ്രീ.സി.പി.എ.അസീസ് മാസ്റ്റർ - മെമ്പർ
3. ശ്രീ.പി.എസ്.ഈശാ - മെമ്പർ
4. ശ്രീ.എം.എസ്.ദിലീപ് - മെമ്പർ
5. ബന്ധപ്പെട്ട വൈൽഡ് ലൈഫ് വാർഡൻ - മെമ്പർ
6. ശ്രീ.ഒ.പി.കലേർ ഐ.എഫ്.എസ്, ഫീൽഡ് ഡയറക്ടർ, പറമ്പിക്കുളം ടൈഗർ റിസർവ്. (സി.സി.എഫ്, വൈൽഡ് ലൈഫ്, പാലക്കാട്). - കൺവീനർ

**വൈൽഡ് ലൈഫ് സർക്കിൾ, കോട്ടയം.**

1. ശ്രീ.വി.ഡി.സതീശൻ എം.എൽ.എ - ചെയർമാൻ
2. ഡോ.പി.ഒ.നമീർ - മെമ്പർ
3. ശ്രീ.പി.ശശികുമാർ - മെമ്പർ
4. ശ്രീ.പി.കെ.ജയചന്ദ്രൻ - മെമ്പർ
5. ബന്ധപ്പെട്ട വൈൽഡ് ലൈഫ് വാർഡൻ - മെമ്പർ
6. ശ്രീ.കെ.വി.സുബ്രഹ്മണ്യം ഐ.എഫ്.എസ്, ഫീൽഡ് ഡയറക്ടർ, പ്രോജക്ട് ടൈഗർ, കോട്ടയം. - കൺവീനർ

**വൈൽഡ് ലൈഫ് സർക്കിൾ, തിരുവനന്തപുരം.**

1. ശ്രീ.എൻ.ഷംസുദ്ദീൻ, എം.എൽ.എ - ചെയർമാൻ
2. പ്രൊഫ.സി.റ്റി.വർഗ്ഗീസ് - മെമ്പർ
3. ബന്ധപ്പെട്ട വൈൽഡ് ലൈഫ് വാർഡൻ - മെമ്പർ
4. ശ്രീ.ശ്രീപാൽ, ഐ.എഫ്.എസ്, ചീഫ്. ഫോറസ്റ്റ് കൺസർവേറ്റർ (എ.ബി.പി) - കൺവീനർ